**Malayala Manorama**
**30 August 2018**
**Kochi; Flood Relief**



താജുദ്ദീൻ, അബ്ദുൽ ജലീലിന് സ്വർണം കൈമാറുന്നു.

# സ്വർണത്തിളക്കമുള്ള താജുദ്ദീൻ

## നഷ്ടപ്പെട്ടെന്നു കരുതിയ പത്തു പവൻ സ്വർണവും താക്കോൽക്കൂട്ടവും താജുദ്ദീന്റെ സത്യസന്ധത മൂലം ഉടമയ്ക്ക് തിരികെ ലഭിച്ചു

നെടുമ്പാശേരി ● പ്രളയത്തിന്റെ കുത്തൊഴുക്കിലും തളരാത്ത നന്മമനസ്സുകളുടെ ഏടുകളിലേക്കു താജുദ്ദീന്റെ പേരും ചേർക്കപ്പെടുന്നു. നഷ്ടപ്പെട്ടെന്നു കരുതിയ പത്തു പവനോളം സ്വർണവും താക്കോൽക്കൂട്ടവുമാണു താജുദ്ദീന്റെ സത്യസന്ധത മൂലം രണ്ടാഴ്ചയ്ക്കു ശേഷം ഉടമയ്ക്കു തിരികെ ലഭിച്ചത്.

നെടുമ്പാശേരി മാർ അത്തനേഷ്യസ് ഹയർ സെക്കൻഡറി സ്കൂളിനെതിർവശത്തു പലചരക്കു കച്ചവടം നടത്തുന്ന കോട്ടായി സ്വദേശി അബ്ദുൽ ജലീലിനാണു സ്വർണവും മറ്റും തിരിച്ചു കിട്ടിയത്. ഇതു സംബന്ധിച്ച് ഇന്നലെ മലയാള മനോരമയിൽ വന്ന വാർത്ത സമൂഹമാധ്യമങ്ങളിലും പ്രചരിച്ചതോടെ വിവരമറിഞ്ഞു സ്വർണം ലഭിച്ച താജുദ്ദീൻ ജലീലിനെ വിളിക്കുകയായിരുന്നു.

പ്രളയത്തിൽ അബ്ദുൽ ജലീലിന്റെ വീട്ടിൽ വെള്ളം കയറി. കിടപ്പുരോഗിയായ ഭാര്യയെ സുരക്ഷിതമായി മാറ്റുന്നതിനിടെ വീട്ടിലുണ്ടായിരുന്ന പത്തു പവൻ സ്വർണവും വീടിന്റെയും കടയുടെയും മറ്റും താക്കോൽക്കൂട്ടവും ഒരു പ്ലാസ്റ്റിക് കവറിലാക്കി മറ്റു തുണികളോടൊപ്പം കയ്യിൽപ്പിടിച്ചു. വഞ്ചിയിൽ ഭാര്യയെ കയറ്റി ആലുവയിലേക്കു പോകുന്നതിനു ദേശീയപാതയിൽ പറമ്പയത്ത് വാഹനം കാത്തു നിന്നു.

ഈ സമയത്താണ് ഊബർ ടാക്സി ഡ്രൈവർ പറമ്പയം തലക്കാട്ട് താജുദ്ദീൻ കോട്ടായി ഭാഗത്തുള്ള ബന്ധുക്കളെയും കുടുംബാംഗങ്ങളെയും പ്രളയത്തിൽ നിന്നു രക്ഷിക്കുന്നതിനു മിനി ലോറിയിൽ എത്തിയത്. രക്ഷിക്കണമെന്ന് ജലീൽ അഭ്യർഥിച്ചപ്പോൾ വാഹനം നിർത്തി ഇവരെയും കയറ്റി.

ഇവർ ആലുവയെത്തിയപ്പോൾ ഇറങ്ങിയെങ്കിലും ബാഗുകൾ എടുക്കാൻ മറന്നു. ബന്ധുവിന്റെ വീട്ടിലെത്തി ഏറെ സമയം കഴിഞ്ഞപ്പോഴാണു ബാഗിന്റെ കാര്യമോർത്തത്. മിനി ലോറിയിൽ വച്ചു മറന്നതായി ഓർത്തെങ്കിലും പ്രളയദിനങ്ങളിൽ പുറത്തിറങ്ങാനായില്ല. വാഹനത്തിന്റെ നമ്പറോ ഡ്രൈവറെയോ, യാത്രക്കാരെയോ അറിയാതിരുന്നതും വിനയായി.

വെള്ളക്കെട്ട് ഒഴിഞ്ഞശേഷം ദിവസങ്ങളോളം ജലീൽ വാഹനം കണ്ടെത്താനായി നടന്നെങ്കിലും വിവരമൊന്നും ലഭിക്കാതായതോടെയാണു മലയാള മനോരമയിൽ വിവരം അറിയിച്ചത്.

വെള്ളമിറങ്ങിയ ശേഷം താജുദ്ദീൻ വാഹനം പരിശോധിക്കുന്നതിനിടെയാണ് അപരിചിതമായ ബാഗുകൾ കണ്ടത്. ലോറിയിൽ കൂടെയുണ്ടായിരുന്നവരുടേതാണെന്നു ബോധ്യമായതോടെ പലരുമായും ബന്ധപ്പെടാൻ ശ്രമിച്ചു.

സുഹൃത്തുക്കളോടു സമൂഹമാധ്യമങ്ങളിൽ ഇതു സംബന്ധിച്ച വിവരങ്ങൾ കൈമാറാനും പറഞ്ഞിരുന്നു.

മനോരമയിൽ വന്ന വാർത്ത നെടുമ്പാശേരിയിലെ സാമൂഹിക പ്രവർത്തകരുടെ കൂട്ടായ്മയായ ഗ്രീൻ ബ്രിഗേഡ്സ് വാട്ട്സ് ആപ് ഗ്രൂപ്പിലൂടെ ഷെയർ ചെയ്തു. അതോടെ താജുദ്ദീനും വിവരമറിയുകയായിരുന്നു. ഉച്ചയോടെ ജലീൽ താജുദ്ദീന്റെ വീട്ടിലെത്തി സ്വർണം കൈപ്പറ്റി.